**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 894** **07-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പട്ടികജാതി കോളനി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പട്ടികജാതി കോളനി വികസനത്തിൽ ഉൾപ്പെടുത്തിയ കോളനികളുടെ വിവരം ലഭ്യമാക്കാമോ; | (എ) | 2019-20 വർഷത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ അംബേദ്കർ കോളനിയെ ഉൾപ്പെടുത്തിയിരുന്നു. ടി പ്രവൃത്തിക്കായി നിർവഹണ ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റിൽ ന്യൂനതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | 2019-20 വർഷത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ അംബേദ്കർ കോളനിയെ ഉൾപ്പെടുത്തിയിരുന്നു. ടി പ്രവൃത്തിക്കായി നിർവഹണ ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റിൽ ന്യൂനതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | നിർവഹണത്തിന് ചുമതലപ്പെടുത്തിയ ജില്ലാ നിർമ്മിതി കേന്ദ്രം ഇത്തരം പ്രവൃത്തികളിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | കാലതാമസം ഒഴിവാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; | (ഡി) | ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിന് യോഗം ചേരുകയും പദ്ധതി ആരംഭിക്കുന്നതിലേക്കു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് കർശന നിർദേശം നൽകിയിട്ടുമുണ്ട്. |
| (ഇ) | ഇത്തരം പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | അവലോകന യോഗങ്ങളിലൂടെയും വിവിധ തട്ടുകളിലുള്ള പരിശോധനകളിലൂടെയും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ